(സി) കൈമാറിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികളും പുതുക്കലും മറ്റും ഫണ്ടിന്റെ ലഭ്യതക്ക് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടത്താവുന്നതാണ്.

16 (*436) ജനകീയാസൂത്രണ പദ്ധതി അനുസരിച്ചുള്ള വിദഗ്ദ്ധ സമിതികൾ

ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പിൽനിന്ന് വിദഗ്ദ്ധ സമിതികളെ ഒഴിവാക്കണമെന്ന് ഏതെങ്കിലും രാഷ്ട്രീയ കക്ഷികളോ സമിതികളോ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത പ്രക്രിയയിൽ വിദഗ്ധ സമിതികൾ ഒരാവശ്യഘടകമല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജനകീയാസൂത്രണ പ്രക്രിയയുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ഏതു വർഷം വരെ പൂർത്തിയായെന്നും പ്രസ്തുത റിപ്പോർട്ട് എന്ന് നിയമസഭയിൽ ലഭ്യമാക്കുമെന്നും വെളിപ്പെടുത്തുമോ;

(ഇ) ജനകീയാസൂത്രണ ഫണ്ട് വിനിയോഗം അക്കൗണ്ടന്റ് ജനറലിനെകൊണ്ട് അന്വേഷിപ്പിക്കണമെന്ന ഹൈക്കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ കോടതി ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കാൻ ഉണ്ടായ കാരണവും ഇത് സംബന്ധിച്ച തുടർ നടപടികളുടെ പുരോഗതിയും എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ഇല്ല.

(ബി) വിദഗ്ദ്ധ സമിതികൾ ഇപ്പോഴത്തെ സാഹചര്യത്തിൽ ജനകീയാസൂത്രണത്തിന് അനിവാര്യഘടകമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഉദ്യോഗസ്ഥൻമാരെ പുനർവിന്യാസം ചെയ്യുന്ന പ്രക്രിയ പൂർത്തിയാകുന്നതുവരെ വിദഗ്ദ്ധ സമിതികൾ പ്രവർത്തിക്കേണ്ടതുണ്ട്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ പരിശോധിച്ച് അത്യാവശ്യം വേണ്ടുന്ന സാമ്പത്തിക വിശകലനം, സ്കെച്ച്, പ്ലാൻ എന്നിവ തയ്യാറാക്കി പ്രോജക്ടുകൾക്ക് സാങ്കേതിക അനുവാദം നൽകുവാൻ വിദഗ്ദ്ധ സമിതികളുടെ പ്രവർത്തനം തല്ക്കാലം ആവശ്യമാണ്.

(ഡി) വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനോടൊപ്പമാണ് ജനകീയാസൂത്രണ പ്രക്രിയയുടെ ഓഡിറ്റും നടത്തിവരുന്നുണ്ട്. 1997-98 ലെയും, 98-99 ലെയും ഓഡിറ്റ് പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

	97-98	98-99
ഗ്രാമപഞ്ചായത്ത്	374	66
ബ്ലോക്ക് പഞ്ചായത്ത്	79	18
ജില്ലാ പഞ്ചായത്ത്	4	1
മുനിസിപ്പാലിറ്റി	3	–

(ഇ) തിരുവനന്തപുരം കോർപ്പറേഷന്റെ കണക്കുകൾ പരിശോധിക്കുവാൻ ഹൈക്കോടതി അക്കൗണ്ടന്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു കൗൺസിലർ ഫയൽ ചെയ്ത 993/99 നമ്പർ റിട്ട് അപ്പീലിന്റെ വിധിന്യായത്തിലാണ് കോർപ്പറേഷന്റെ കണക്കുകൾ പരിശോധിക്കാൻ അക്കൗണ്ടന്റ് ജനറലിനോട് ഹൈക്കോടതി നിർദ്ദേശിച്ചത്. പരിശോധന ഇതുവരെ പൂർത്തിയായിട്ടില്ല.

17 (*437) അളവുകളും തൂക്കവും സംബന്ധിച്ച നിയമങ്ങൾ

ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അളവുകളും തൂക്കവും സംബന്ധിച്ച് നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) അളവുകളും തൂക്കവും സംബന്ധിച്ച നിയമങ്ങൾ പാലിക്കുന്നുണ്ടെന്നുറപ്പാക്കാൻ പരിശോധന നടത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) എങ്കിൽ പരിശോധന വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് പാക്കേജ് കമ്മോഡിറ്റീസ് നിയമം ലംഘിക്കപ്പെടുന്നതായി സർക്കാരിന് അറിവുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് അളവുകളും തൂക്കവും സംബന്ധിച്ച നിയമങ്ങൾ ലംഘിക്കുന്ന കേസ്സുകളിൽ പിഴ ഈടാക്കിയ ഇനങ്ങളിൽ നടപ്പു സാമ്പത്തിക വർഷം എന്തു തുക ലഭിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ലീഗൽ മെട്രോളജിവകുപ്പ് പ്രവർത്തിച്ചുവരുന്നുണ്ടോ;

(എച്ച്) ജില്ലാ ആസ്ഥാനങ്ങളിലെ ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഐ) സംസ്ഥാനത്തെ പെട്രോൾ പമ്പുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പരിശോധന കാര്യക്ഷമമാക്കുന്നതിന് വകുപ്പു എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly